11247
4/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്--RIPMR ൽ സെമിനാർ ഹാളിലേയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.544/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 24.8.2015

---

പരാമർശം-1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 7.7.2015 ലെ R & D/12676/2015 നമ്പർ കത്ത്

2. 22.7.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

ഉത്തരവ്

Regional Institute of Physical Medicine and Rehabilitation(RIPMR) ലെ സ്പെഷ്യൽ സ്കൂളിൽ അമ്മമാർക്കായി മാസം തോറും നടത്തുന്ന ക്ലാസ്സുകൾക്ക് വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ചർച്ചകൾ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനും പൊതു പരിപാടികൾക്കും സെമിനാർ ഹാൾ ആവശ്യമാണെന്നും എല്ലാവിധ സംവിധാനങ്ങളോടെ സെമിനാർ ഹാൾ ക്രമീകരിക്കുന്നതിനാവശ്യമായ LCD Projector, Public Addressing System, കയ്യുള്ള കസേരകൾ, പോഡിയം എന്നിവ വാങ്ങുന്നതിന് 2,60,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69-06(Plan) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ടി തുക പദ്ധതി നടത്തിപ്പ് ഏജൻസിയായ SID യൂണിറ്റിന്റെ 103-ാം നമ്പരായ സ്പെഷ്യൽ TSB Account ൽ credit ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം 1 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായി ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും Regional Institute of Physical Medicine and Rehabilitation ൽ എല്ലാവിധ സംവിധാനങ്ങളോടെ സെമിനാർ ഹാൾ ക്രമീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായി വാങ്ങുന്നതിന് 2,60,000/- (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69(06)(Plan) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക പദ്ധതി നടത്തിപ്പ് ഏജൻസിയായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റി യൂണിറ്റിന്റെ 103-ാം നമ്പരായ സ്പെഷ്യൽ റ്റി.എസ്.ബി അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ